

# ആധുനിക മലയാളസാഹിത്യം

ഇടശ്ശേരി

ആധുനിക
മലയാളസാഹിത്യം
ഇടശ്ശേരി



ആധുനിക സാഹിത്യമാണ് നമ്മുടെ ചർച്ചാവിഷയം. സാഹിത്യത്തിലെ പ്രധാനപ്പെട്ട മൂന്നു രൂപങ്ങളെ ആസ്പദമാക്കിവേണം ഈ ചർച്ച നടത്താൻ; കവിത, നാടകം, കഥാസാഹിത്യം ഇവയെപ്പറ്റി.

അത്യാധുനികതയെക്കുറിച്ചുള്ള ചിന്ത കാവ്യത്തിന്റെ രൂപത്തെ മാത്രം സംബന്ധിക്കുന്ന ഒന്നല്ല. അതു സാഹിത്യത്തെ ഒട്ടാകെ സ്പർശിക്കുന്ന ഒന്നാണ്. അതുകൊണ്ട് രൂപംതിരിച്ചുള്ള സാഹിത്യചർച്ചകളിൽ പല തത്ത്വങ്ങളും സാമാന്യമായിട്ടുവരും. കാവ്യനാടകാദികളായ സാഹിത്യത്തിലെ നിയതരൂപങ്ങൾ നിയതസങ്കേതങ്ങളാൽ ഭരിക്കപ്പെടുന്നതുകൊണ്ട് ഇത്തരം ഇനംതിരിച്ചുള്ള ചർച്ച ആവശ്യവുമാണ്.

സാഹിത്യത്തിലെ അത്യാധുനികത എന്നു വിളിക്കപ്പെടുന്ന സവിശേഷതയുണ്ടല്ലോ, അതിന് നിഷ്കൃഷ്ടമായ ഒരു നിർവചനമൊന്നും ഇതേവരെ ഉണ്ടായിക്കണ്ടിട്ടില്ല. എങ്കിലും അതിവിടെ ഉണ്ട്. കവിതയിലും നാടകത്തിലും കഥാസാഹിത്യത്തിലും എല്ലാം അത് പ്രത്യക്ഷപ്പെടുന്നുണ്ട്. മലയാളസാഹിത്യത്തിൽ ഇതിനുമുമ്പും പല പരിവർത്തനങ്ങളും ഉണ്ടായിട്ടുണ്ടല്ലോ. ഇക്കഴിഞ്ഞ അമ്പത് കൊല്ലങ്ങൾക്കിടയ്ക്ക് പരിവർത്തനങ്ങളുടെ ഒരു വേലിയേറ്റം തന്നെ ഇവിടെ ഉണ്ടായിട്ടുണ്ട്. കാവ്യശാഖ മഹാകാവ്യങ്ങളിൽനിന്ന് ഖണ്ഡകാവ്യങ്ങളിലേക്കും അവയിൽനിന്ന് ഖണ്ഡകൃതികളിലേക്കും ഗീതകങ്ങളിലേക്കും വീണ്ടും അവയിൽനിന്ന് നീണ്ട കവിതകളിലേക്കും മാറിക്കൊണ്ടിരുന്നു. കഥാസാഹിത്യം നോവലുകളിൽനിന്നു തുടങ്ങി മഹാനോവലുകളിലേക്കു പടരുകയല്ല ഉണ്ടായത്. ചന്തുമേനോന്റെയും സി.വി.യുടെയും പ്രസിദ്ധനോവലുകളുടെ പിന്തുടർച്ച വാങ്ങിയത് മലയാളത്തിലെ ചെറുകഥാപ്രസ്ഥാനമാണ്. ആ ചെറുകഥകൾ തുടർക്കഥകളിലേക്കും തുടർന്ന് നോവലുകളിലേക്കും പിന്നെപ്പിന്നെ ബൃഹത്തായ നോവലുകളിലേക്കും മാറിക്കൊണ്ടിരുന്നു. നാടകങ്ങളും പല മാറ്റങ്ങൾക്കും വിധേയങ്ങളായി. സംഗീതനാടകങ്ങൾ, ഗദ്യപദ്യ സമ്മിളിതങ്ങളായ നാടകങ്ങൾ, ഏകാങ്കങ്ങൾ, പ്രതീകാത്മകനാടകങ്ങൾ ഇങ്ങനെ പലതും. ഇവയെല്ലാം രൂപത്തിൽവന്ന മാറ്റങ്ങൾ. ഇവയ്ക്കൊപ്പം ഉള്ളടക്കത്തിലും പല മാറ്റങ്ങൾ വന്നു. സാഹിത്യചരിത്രത്തിൽ നിലനിൽക്കുന്നവയാണ് പല മാറ്റങ്ങളും. ദ്വിതീയാക്ഷരപ്രാസവാദമാണ് എന്റെ ഓർമയിൽ ഒന്നാമത്തേത്. സാഹിത്യം ആനുകാലിക വിഷയങ്ങളിൽ കൂടുതൽ ബോധവത്താകണമെന്നു വാദിക്കപ്പെട്ടു. അങ്ങനെയാണ് ദേശാഭിമാനോജ്ജ്വലമായ ഒരു സാഹിത്യവിഭാഗം ഉടലെടുത്തത്. സാഹിത്യം തത്ത്വചിന്താപരമാകണമെന്നു വാദിക്കപ്പെട്ടു. അങ്ങനെയും ചില കൃതികളുണ്ടായി, മെറ്റാഫിസിക്കൽ പോയട്രി. സാഹിത്യം സാമൂഹ്യപുരോഗതിക്ക് ഉതകുന്നതാകണമെന്നു ശഠിച്ചു. പുരോഗമനസാഹിത്യവിഭാഗമുണ്ടായി. ഇന്ദുലേഖയെപ്പോലെ സാമൂഹ്യപ്രശ്നങ്ങളെ കൈകാര്യം ചെയ്യുന്ന നോവലുകളും പല പ്രശ്നനാടകങ്ങളുമുണ്ടായി. കാവ്യശാഖയിൽ സിമ്പോളിസം തുടങ്ങിയ പല വൈചിത്ര്യങ്ങളും വന്നു. ഇവയെക്കുറിച്ചെല്ലാം നിരൂപകന്മാർ ക്ലാസ്സിസിസം, റൊമാന്റിസിസം, റിയലിസം, നാച്ചുറലിസം തുടങ്ങി പല ഇസങ്ങളായി വേർതിരിച്ചു വ്യവഹരിക്കുന്നതു നാം കേട്ടിട്ടുണ്ട്.

മുൻപറഞ്ഞ വിഭാഗങ്ങളിൽ ഓരോന്നിനും മറ്റോരോന്നിനോടുമുള്ള അകലമുണ്ടല്ലോ അത്രയും അകലമല്ലേ ഉള്ളൂ ആധുനികസാഹിത്യത്തിനോട് അഥവാ നമുക്കു പരിചിതമായ സാഹിത്യത്തിനോട്, അത്യാധുനികത എന്നു വിളിക്കപ്പെടുന്ന സാഹിത്യത്തിന്. ഇവയ്ക്കു തമ്മിൽ പൊതുവായിട്ട് സാഹിത്യം എന്ന പേരല്ലാതെ മറ്റൊന്നുമില്ല എന്നായിരിക്കുന്നു.

സാഹിത്യത്തിന്റെ പ്രയോജനത്തെക്കുറിച്ചുള്ള സങ്കല്പംമുതൽ സാഹിത്യസങ്കേതങ്ങൾവരെ മാറിക്കഴിഞ്ഞിരിക്കയാണ്. അതുകൊണ്ട് അത്യാധുനികതയെ മനസ്സിലാക്കാൻതന്നെ നീണ്ടനീണ്ട ചർച്ചകൾ ആവശ്യമായിരിക്കുന്നു.

സാഹിത്യം വ്യക്തിയിലൂടെ സമൂഹത്തെ പരിവർത്തനപ്പെടുത്തണമെന്നു വാദിക്കുന്നവരുണ്ട്. സാഹിത്യത്തിന് സമൂഹത്തോട് ഒരു കടമയുമില്ല. കേവലം വ്യക്തിയെ ആഹ്ലാദിപ്പിക്കുകയാണ് അതിന്റെ ധർമം എന്നു വാദിക്കുന്നവരുമുണ്ട്. പക്ഷേ, രണ്ടുകൂട്ടരും സാഹിത്യത്തിന് ജീവിതത്തോടുള്ള അഭേദ്യബന്ധത്തെ സ്വീകരിക്കുന്നവരാണ്. അപ്പോൾ ജീവിതത്തെക്കുറിച്ചുള്ള





ബോധത്തിൽ വരുന്ന മാറ്റങ്ങൾ സാഹിത്യത്തെയും മാറ്റിമറിക്കാതിരിക്കാൻ വയ്യ എന്നത് അനുക്തസിദ്ധമാണല്ലോ.

ജീവിതത്തെക്കുറിച്ചുള്ള ബോധത്തിൽ വലിയ മാറ്റം വന്നിട്ടുള്ളതായി പറയുന്നു. ഭൗതികശാസ്ത്രപുരോഗതി ഒരേവിധം നമ്മുടെ സുഖത്തിന്റെയും ദുഃഖത്തിന്റെയും വ്യാപ്തി വർധിപ്പിച്ചിട്ടുണ്ട്. വളർന്നുകൊണ്ടേയിരിക്കുന്ന മനോവിജ്ഞാനീയം മനസ്സിന്റെ അക്ഷുണ്ണങ്ങളായിരുന്ന അധോമണ്ഡലങ്ങളിൽ കൂടുതൽ വെളിച്ചം വീശിവരുന്നുണ്ട്. മനുഷ്യബന്ധങ്ങൾ പണ്ടില്ലാത്ത വിധം ചിതറിക്കൊണ്ടിരിക്കുകയാണ്. അസ്തിത്വവാദമെന്ന പേരിൽ അറിയപ്പെടുന്ന ജീവിതദർശനം പുതിയ തലമുറയിൽ നല്ലൊരു വിഭാഗത്തെ ആകർഷിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതിന്റെയെല്ലാം ഫലമായി ജീവിതത്തെക്കുറിച്ചുള്ള ബോധത്തിൽ അഭൂതപൂർവമായ പരിവർത്തനം വന്നിരിക്കുന്നു. ജീവിതത്തെക്കുറിച്ചുള്ള ബോധത്തിൽ വന്ന ഈ മാറ്റമാണ് അത്യാധുനിക സാഹിത്യത്തിന്റെ ഉറവിടം എന്നു തോന്നുന്നു. അതാകട്ടെ, നമുക്കു പരിചിതമായ സാഹിത്യത്തിന്റെ അലകും പിടിയും, ആത്മാവുപോലും അങ്ങനെ പറയാമെങ്കിൽ-മാറ്റിമറിച്ചിരിക്കയാണ്.

ചുരുക്കത്തിൽ അത്യാധുനിക സാഹിത്യകാരന്റെ ദർശനത്തിൽ വന്ന മാറ്റം, അതിനനുഗുണമായി അവന്റെ ആവിഷ്കാരസമ്പ്രദായത്തിൽ വന്ന മാറ്റം, ഈ മാറ്റങ്ങൾക്ക് അനുരോധമായി സഹൃദയരിൽ വന്ന പ്രതികരണങ്ങൾ; ഇവയെക്കുറിച്ച് സമഗ്രമായ ചർച്ചകൾ ഉണ്ടാവേണ്ട ഘട്ടമായിരിക്കുന്നു. ഇവിടെ ഒരു കാര്യം ഓർമിക്കേണ്ടതുണ്ട്. ഒരു പ്രസ്ഥാനത്തെയും ഇതേവരെ സമഗ്രമായി കൊള്ളുകയോ തള്ളുകയോ ഉണ്ടായതായി സാഹിത്യചരിത്രത്തിൽ ഉദാഹരണമില്ല. ആ നിലയ്ക്കും കൂടുതൽ കൂടുതൽ ചർച്ചകൾ ആവശ്യമായി വരുന്നു. മലയാളിക്ക് അവന്റെ പ്രാരാബ്ധങ്ങളെ തെല്ലൊന്നിറക്കിവെച്ച് ആഹ്ലാദിക്കാനും ആലോചിക്കാനുമുള്ള കാലമാണിത്, ഓണക്കാലം. ഈ സന്ദർഭത്തിൽ നമ്മുടെ മനസ്സിന്റെ പൂക്കളം ഒരുക്കാനും ഒതുക്കാനുമുള്ള ഇത്തരം ഒരു യത്നം ആകാശവാണി ആരംഭിച്ചത് സമുചിതമായി. സാഹിത്യകാരന്മാരും സഹൃദയരും അതിനവരോട് കൃതജ്ഞരാവേണ്ടതാണ്. നാട്ടിലെങ്ങും ഇത്തരം കൂടുതൽ സാഹിത്യചർച്ചകളെ പ്രസവിക്കാനുള്ള ഒരമ്മയായിത്തീരട്ടെ ഈ സമ്മേളനം എന്നു പ്രത്യാശിക്കുക.

*(സാഹിത്യലോകം: 3, 2 മാർച്ച്, ഏപ്രിൽ 1972, പു. 11–13 ആധുനിക സാഹിത്യത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് ആകാശവാണി കോഴിക്കോട് നിലയം സംഘടിപ്പിച്ച ഒരു സിമ്പോസിയത്തിൽ അധ്യക്ഷനായിരുന്നു ഇടശ്ശേരി. വിഷയം അവതരിപ്പിച്ചുകൊണ്ട് അദ്ദേഹം ചെയ്ത പ്രഭാഷണമാണിത്. കവിതയെക്കുറിച്ച് പ്രൊഫ. ആർ. രാമചന്ദ്രനും പ്രൊഫ. എം. അച്യുതനും, കഥാസാഹിത്യത്തെക്കുറിച്ച് എസ്.കെ. പൊറ്റെക്കാട്, എൻ.പി. മുഹമ്മദ് എന്നിവരും, നാടകസാഹിത്യത്തെക്കുറിച്ച് കാവാലം നാരായണപ്പണിക്കർ ഡോ. എം.എസ്. മേനോൻ എന്നിവരും പ്രബന്ധങ്ങൾ അവതരിപ്പിച്ചു.)*